കൊക്കരണിക്കാവ് ദേവസ്വം ട്രസ്റ്റ്

(രജി. നം. 31/IV/2016)

## കൊണ്ടാട് കൊക്കരണിക്കാവ്

# സങ്കടമോചിനീ ദുർഗ്ഗാ ദേവീക്ഷേത്രം

കൊണ്ടാട്, രാമപുരം.പി.ഒ., പാല (കോട്ടയം ജില്ല)





# 34–ാമത്

# മഹാനിവേദ്യ സമർപ്പണം

**2019 മാർച്ച് 17 (1194 മീനം 3)**
**ഞായറാഴ്ച രാവിലെ 9 മണിക്ക്**

# പുനഃപ്രതിഷ്ഠാദിന മഹോത്സവം

**2019 ഏപ്രിൽ 10 (1194 മീനം 27)**
**ബുധനാഴ്ച രാവിലെ 9 മുതൽ 12.30 വരെ**

12-ാമത് പുനഃ പ്രതിഷ്ഠാദിന മഹോത്സവം **ക്ഷേത്ര തന്ത്രി ചേർത്തല പുല്ലയിൽ ഇല്ലത്ത് ബ്രഹ്മശ്രീ മുരളീധരൻ നമ്പൂതിരിയുടെ** മുഖ്യ കാർമ്മികത്വത്തിൽ നടത്തുന്നതാണ്. **(അന്നേദിവസം അഷ്ടദ്രവ്യമഹാഗണപതി ഹോമം, കലശ പൂജ, സർപ്പത്തിനും രക്ഷസ്സിനും വാർഷികമായ പ്രത്യേക പൂജകൾ, നാണയപ്പറ സമർപ്പണം എന്നിവയാണ് പ്രധാന ചടങ്ങുകൾ)**

**ഓം ദുർഗ്ഗാദേവൈ്യ നമഃ**

ഭക്തജനങ്ങളേ,

സർവ്വാഭീഷ്ഠ പ്രദായിനിയും അശ്രിതവത്സലയുമായ കൊണ്ടാട് കൊക്കരണിക്കാവ് സങ്കടമോചിനി ദുർഗ്ഗാദേവീക്ഷേത്രത്തിലെ **12-ാമത് പുനഃപ്രതിഷ്ഠാ വാർഷികം 2019 ഏപ്രിൽ 10 (1194 മീനം 27)-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മണിമുതൽ 12 മണിക്കകം ചേർത്തല പുല്ലയിൽ ഇല്ലത്ത് ബ്രഹ്മശ്രീ മുരളീധരൻ നമ്പൂതിരി യുടെ** മുഖ്യകാർമ്മികത്വത്തിൽ പൂർവ്വാധികം ഭംഗിയായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

മുൻകാലങ്ങളിൽ പുനഃപ്രതിഷ്ഠാദിന ആഘോഷങ്ങളിലും മറ്റു വിശേഷ അവസരങ്ങളിലും ക്ഷേത്ര വഴിപാടുകൾ നടത്തുകയും മറ്റു സാമ്പത്തിക സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത എല്ലാ ഭക്തജനങ്ങളേയും നാട്ടുകാരേയും നന്ദിയോടെ സ്മരിക്കുന്നതോ ടൊപ്പം ഈ വർഷവും ക്ഷേത്രത്തിലെ പുനഃ പ്രതിഷ്ഠാദിന ചടങ്ങുകൾ കുറ്റമറ്റ രീതിയിലും ഭംഗിയായും നടത്തുന്നതിന് എല്ലാവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഒരു നാടിന്റെ സാംസ്കാരിക ഐക്യത്തിന്റെ വേദിയായ ആരാധനാലയങ്ങൽ കാലത്തിന്റെ കൈവിളക്കുകളാണ്. നാടിന്റെ ശരീരവും ആത്മീയചൈതന്യവും അതിന്റെ പൊരുളും പൂർണ്ണതയുമായ **"ഭക്തി"** അവിടെ എത്താനുള്ള വഴി തുറന്നിടുന്നു. മനുഷ്യന്റെ ഭയവിഹ്വലത കൾക്ക് ഒരു പരിധിവരെ പരിഹാരം നൽകുന്നതും എല്ലാവരിലും അന്തർലീനമായിരിക്കുന്ന **"ഭക്തി"** എന്ന ഭാവം തന്നെയാണ്. അതിനെ തൊട്ടുണർത്തി പരിപാലിച്ച് പോഷിപ്പിച്ച് ഉള്ളിൽ ഉറപ്പിക്കുകയാണ് ക്ഷേത്രാരാധനയുടെ ധർമ്മപക്ഷം. നമ്മുടെയെല്ലാം ഉള്ളിലുണ്ടായേക്കാവുന്ന അതിർവരമ്പുകളും കൊച്ചുകൊച്ചു പരാതികളും പരിഭവങ്ങളുമെല്ലാം മാറ്റിവച്ച് ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കും മറ്റു വിശേഷാവസരങ്ങളുടെ സുഗമമായ നടത്തിപ്പിനുമായി എല്ലാവരും ഒരുമിച്ചു കൈകോർക്കുകയും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

**സങ്കടമോചിനിയും സർവ്വമംഗളകാരിണിയുമായ കൊക്കരണിക്കാവ് ദുർഗ്ഗാദേവിയുടെ അനുഗ്രഹം ഏവർക്കുമുണ്ടാകുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ.**

കൊക്കരണിക്കാവ് ക്ഷേത്ര കമ്മിറ്റിക്കുവേണ്ടി

| | | | |
|---|---|---|---|
| **രുഗ്മിണി കെ.എൻ** | **കെ.എസ്. നമ്പൂതിരി** | **ഉണ്ണിക്കൃഷ്ണൻ നമ്പൂതരി** | **ശ്രീകാന്ത് കെ.എൻ** |
| ചെയർപേഴ്സൺ | മാനേജിംഗ് ട്രസ്റ്റി | ട്രഷറർ | സെക്രട്ടറി |

കൊണ്ടാട്
10.03.2019

ഓം ദുർഗ്ഗാദേവ്യൈ നമഃ

# 34–ാമത് മഹാനിവേദ്യ സമർപ്പണം

**2019 മാർച്ച് 17 ഞായറാഴ്ച രാവിലെ 9 മണിക്ക്**

കൊക്കരണിക്കാവിലെ 34-ാമത് മഹാനിവേദ്യ സമർപ്പണം **2019 മാർച്ച് 17ന് (1194 മീനം 3) ഞായറാഴ്ച രാവിലെ 9 മണിക്ക്** നടത്തുന്നതാണ്. മഹാനിവേദ്യ സമർപ്പണത്തിൽ പങ്കെടുക്കുന്നതിന് എല്ലാ ഭക്തജനങ്ങളേയും കൊക്കരണിക്കാവിലേക്ക് സ്വാഗതം ചെയ്യുന്നു. മഹാനിവേദ്യ സമർപ്പണം ആരംഭിച്ചതുമുതൽ തടുർച്ചയായി പങ്കെടുത്തിരുന്നവർ മുടക്കം വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2019 ലെ തുടർന്നുള്ള മഹാനിവേദ്യ സമർപ്പണദിനങ്ങൾ

**21 ഏപ്രിൽ, 19 മേയ്, 16 ജൂൺ, 21 ജൂലൈ, 18 ആഗസ്റ്റ്, 22 സെപ്തംബർ 20 ഒക്ടോബർ, 17 നവംബർ, 22 ഡിസംബർ**

# പുനഃപ്രതിഷ്ഠാ ദിന മഹോത്സവം

**2019 ഏപ്രിൽ 10 1194 മീനം 27 ബുധനാഴ്ച**

രാവിലെ 5.15ന് **നടതുറക്കൽ**

5.25ന് **നിർമ്മാല്യം, അഭിഷേകം**

6.00ന് **ഉഷപൂജ**

6.30ന് **അഷ്ടദ്രവ്യമഹാഗണപതിഹോമം**

*പുനഃപ്രതിഷ്ഠാദിന മഹോത്സവത്തിന്റെ ഭാഗമായി വർഷത്തിലൊരിക്കൽ മാത്രം നടത്തപ്പെടുന്ന അഷ്ടദ്രവ്യമഹാഗണപതി ഹോമത്തിൽ പങ്കെടുക്കുകവഴി സാക്ഷാൽ വിഘ്നേശ്വരനായ ഗണപതിഭഗവാന്റെ അനുഗ്രഹം ഉണ്ടാകുകയും അതുമൂലം കുടുംബങ്ങളിൽ ഉണ്ടാകാവുന്ന തടസ്സങ്ങൾ മാറി സർവ്വൈശ്വര്യങ്ങളും ഉണ്ടാകുന്നതിന് ഉത്തമമാണ്.* ***(ഇതിലേക്ക് പേരും നക്ഷത്രവും ക്ഷേത്രത്തിൽ നൽകി 60 രൂപയുടെ രസീത് മുൻകൂട്ടി വാങ്ങാവുന്നതാണ്).***

9.00ന് **കലശപൂജാ ചടങ്ങുകൾ ആരംഭം**

11.00ന് **സർപ്പത്തിനും രക്ഷസ്സിനും പത്മമിട്ട് വാർഷികമായ പ്രത്യേക പൂജകൾ**

*പുതിയ ക്ഷേത്രനിർമ്മാണവും പുനഃപ്രതിഷ്ഠയും വരെയുള്ള കാലയളവിൽ സർപ്പദൈവങ്ങൾക്കും (നാഗരാജാവ്, നാഗയക്ഷി) രക്ഷസ്സിനും വാർഷികമായ വിശേഷാൽ പൂജകളാണ് പ്രശ്നവിധിയിൽ പറഞ്ഞിട്ടുള്ളത്. സർപ്പങ്ങളുടേയും രക്ഷസിന്റേയും സാന്നിദ്ധ്യം സ്പഷ്ടമാകയാൽ വാർഷികമായ ഈ പ്രത്യേക പൂജകൾക്ക് വളരെ പ്രധാന്യമുണ്ട്. പ്രത്യേകിച്ച് സർപ്പകാവുകളും / സർപ്പാരാധനയും മറ്റുമുണ്ടായിരുന്ന ഹിന്ദു ഭവനങ്ങളിൽ ഈ വിധത്തിലുള്ള*

**ഓം ദുർഗ്ഗാദേവൈ്യ നമ:**

*ആചാരങ്ങളും ആരാധനയും മിക്കവാറും ഇല്ലാതായ ഇന്നത്തെ കാലഘട്ടത്തിൽ. സർപ്പപൂജക ളിൽ പങ്കെടുക്കുക വഴി രാഹുദശ / രാഹുവിന്റെ അപഹാരം എന്നിവയാൽ ഉണ്ടാകാവുന്ന ദുരിതങ്ങൾക്ക് ശമനം ഉണ്ടാകുകയും കുടുംബപരമായ നാഗദോഷങ്ങൾ മാറി നാഗപ്രീതിയു ണ്ടാകുന്നതിനും ഉത്തമ സന്താനലബ്ധിക്കും വളരെ വിശേഷമാണ്.*

*നമ്മുടെ മിക്കവാറും കുടുംബങ്ങളിൽ പരേതാത്മാക്കൾക്ക് വിധിയാംവണ്ണമുള്ള വാർഷി കമായ ബലിതർപ്പണാദികൾ നടത്തി ശ്രാർദ്ധമൂട്ടുന്ന പതിവ് ഇന്ന് തീർത്തും ഇല്ലാതായി എന്നു തന്നെ പറയാം. പിതൃപ്രീതി ഇല്ലാത്ത ഭവനങ്ങളിൽ സ്വൈരതക്കുറവും കുടുംബാംഗങ്ങൾ തമ്മിൽ പരസ്പര കലഹമുണ്ടാകുകയും സാധാരണമാണ്. ക്ഷേത്രത്തിൽ നടത്തുന്ന രക്ഷസ്സിനുള്ള പൂജയിൽ പങ്കെടുക്കുക വഴി കുടംബ / വംശപരമ്പരയിലുള്ള പിതൃക്കൾക്ക് മോഷപ്രാപ്തി യുണ്ടാവുകയും അതിന്റെ ഫലമായി കുടംബങ്ങളിൽ ഐശ്വര്യവും സമാധാനവും ഉണ്ടാകുകയും ചെയ്യും.* ***(ഇതിലേക്ക് പേരും നക്ഷത്രവും ക്ഷേത്രത്തിൽ നൽകി നാഗദൈവങ്ങൾക്കും രക്ഷസിനും 25 രൂപയുടെ വെവ്വേറെ രസീതുകൾ എടുക്കേണ്ടതാണ്).***

11.30ന് **കലശാഭിഷേകം**

*ദേവിക്കും ശാസ്താവിനും ക്ഷേത്രതന്ത്രി ചേർത്തല പുല്ലയിൽ ഇല്ലത്ത് ബ്രഹ്മശ്രീ മുര ളീധരൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്ന പുനഃപ്രതിഷ്ഠാദിന മഹോത്സവ ത്തിന്റെ ഭാഗമായുള്ള വാർഷിക കലശത്തിൽ പങ്കെടുക്കുക വഴി കർമ്മദോഷങ്ങൾ മാറി കുടും ബത്തിൽ ഐശ്വര്യവും സമാധാനവും ഉണ്ടാകും. ഏതൊരു ക്ഷേത്രത്തിലും ദേവന്റെ ചൈത ന്യവർദ്ധനവിനായി ക്ഷേത്ര തന്ത്രി തന്നെ നേരിട്ടു നടത്തുന്ന വാർഷിക കലശത്തിൽ പങ്കെടു ക്കുകയും തദവസരത്തിൽ അവരവരുടെ പേരും നക്ഷത്രവും ക്ഷേത്രത്തിൽ നൽകി കലശ മാടുന്നത് വളരെ ശ്രേഷ്ഠമാണ്.* ***(ഇതിനായി 50 രൂപയുടെ രസീത് മുൻകൂട്ടി വാങ്ങാവുന്നതാണ്).***

# നാണയപ്പറ സമർപ്പണം

കഴിഞ്ഞവർഷത്തെ കലശാനന്തരം ക്ഷേത്രത്തിൽ നിന്നും തീർത്ഥജലത്തോടൊപ്പം തന്നിരുന്ന കലശക്കുടങ്ങൾ വാങ്ങിയ ഭക്തജനങ്ങൾ, അന്നുമുതൽ നിക്ഷേപിച്ചിട്ടുള്ള നാണയ ത്തോടൊപ്പം ഈ വർഷത്തെ പുനഃപ്രതിഷ്ഠാദിനമായ ഏപ്രിൽ 10നുമുമ്പോ അല്ലെങ്കിൽ അന്ന് രാവിലെയെങ്കിലും ക്ഷേത്രത്തിലെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ കുടുംബങ്ങളിലെ നാണയശേഖരം എത്രമാത്രമുണ്ടെന്ന് അറിഞ്ഞാൽ മാത്രമേ നാണയപ്പറ നിറയുന്നതിന് അധിക മായി വേണ്ടിവരുന്ന നാണയം ശേഖരിക്കുവാൻ കഴിയൂ.

ക്ഷേത്രത്തിൽ നിന്നും നാണയം നിക്ഷേപിക്കുന്നതിന് കഴിഞ്ഞ വർഷം കലശക്കുടും വാങ്ങാത്ത ഭക്തജനങ്ങളും നാണയപ്പറ നിറക്കുന്നതിനായി അവരവരാൽ കഴിയുന്നത്ര നാണയം ക്ഷേത്രത്തിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നാണയപ്പറ നിറക്കുവാൻ കഴിയാത്ത ഭക്തജനങ്ങൾ അവരവർ ഉദ്ദേശിക്കുന്ന തുക നോട്ടായി നൽകിയാൽ തത്തുല്യ തുകക്കുള്ള നാണയം ക്ഷേത്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

ഈ വർഷത്തെ കലശാനന്തരം കഴിഞ്ഞ വർഷത്തേതുപോലെതന്നെ ചെമ്പുകുടത്തിൽ തീർത്ഥവും കുങ്കുമ പ്രസാദവും ദേവിയുടെ പാദത്തിൽ സമർപ്പിച്ച് തന്ത്രിമുഖ്യൻ തരുന്ന നാണ യത്തോടൊപ്പം ഭക്തജനങ്ങൾ ഏറ്റുവാങ്ങി അവരവരുടെ പൂജാമുറികളിൽ സൂക്ഷിക്കാവുന്ന താണ്. അടുത്ത വർഷത്തെ പുനഃപ്രതിഷ്ഠാദിന ആഘോഷത്തിനായി യഥാശക്തി തുക ദിവ സവും കലശക്കുടങ്ങളിൽ നിക്ഷേപിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

**ഓം ദുർഗ്ഗാദേവ്യൈ നമ:**

**<u>2018 ൽ ക്ഷേത്രത്തിൽ നിന്നും കലശക്കുടങ്ങൾ സ്വീകരിച്ചവർ</u>**

ശ്രീമതി. സതി, സതി സദനം, കൊണ്ടാട്

ശ്രീമതി. ഭാമ, തേജസ്, കൊണ്ടാട്

ശ്രീമതി. സീന, നൂറനാട്, കൊണ്ടാട്

ശ്രീമതി. ഗിരിജ, ശ്രീമതി. രത്നമ്മ, ശ്രീമതി. ഉഷ (ഉഷ പന്തനാലിക്കൽ)

ശ്രീ. ഗോപൻ, നൂറനാട്, കൊണ്ടാട്

ശ്രീ. ജയേഷ്, കൊണ്ടാട്

ശ്രീ. ഉല്ലാസ്, ശൂലംകർണാൽ, കൊണ്ടാട്

ശ്രീമതി. സുശീല സന്തോഷ്, കുളത്തിങ്കൽ, കൊണ്ടാട്

ശ്രീമതി. ബിന്ദു മനോജ്, നെടുംതൊട്ടിയിൽ, കൊണ്ടാട്

ശ്രീമതി. രജനി അജയൻ, കൊണ്ടാട്

12.15 ന് **ദീപാരാധന**

1.00 ന് **അന്നദാനം (വഴിപാടായി നടത്തുന്നത് ശ്രീമതി. ഭാമ, തേജസ്, കൊണ്ടാടും കൊക്കരണിക്കാവ് ക്ഷേത്ര ഭരണസമതിയും ചേർന്ന്)**

വൈകു.5.00 ന് **വടക്കേ കാവിലേക്കുള്ള ഘോഷയാത്ര ആരംഭം**

# അറിയിപ്പ്

മുൻ വർഷങ്ങളിലേതുപോലെ വാദ്യമേളങ്ങളുടേയും താലപ്പൊലിയുടേയും അകമ്പടിയോടുകൂടി കൊണ്ടാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലേക്കും അവിടെ നിന്ന് വടക്കേ കാവ് ഭഗവതി ക്ഷേത്രത്തിലേക്കും ഘോഷയാത്ര ഉണ്ടായിരിക്കുന്നതാണ്. വടക്കേ കാവിലെ സ്വീകരണാനന്തരം ദേവിയെ തിരിച്ചെഴുന്നള്ളിച്ച് കൊക്കരണിക്കാവിലെത്തി ദീപാരാധനയും അത്താഴ പൂജയും. കൊക്കരണിക്കാവ് ദേവിയുടെ ഭക്തജനങ്ങൾ പുനഃപ്രതിഷ്ഠാ ദിനമായ ഏപ്രിൽ 10 ന് താലപ്പൊലിക്ക് പുറപ്പെടുവാനുള്ള തയ്യാറെടുപ്പോടെ വൈകുന്നേരം 4.30 ന് തന്നെ കാവിലെത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈകു.5.00 ന് **കൊക്കരണിക്കാവിൽ നിന്നും കൊണ്ടാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലേക്ക് പുറപ്പെടുന്നു.**

5.30 ന് **കൊണ്ടാട് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ ഇറക്കി ആരതിയും മറ്റും**

5.45 ന് **വടക്കേക്കാവിലേക്ക് ഘോഷയാത്ര തുടരുന്നു**

6.15 ന് **വടക്കേകാവിൽ ഇറക്കി എഴുന്നള്ളിച്ച് ദീപാരാധന**

6.45 ന് **വടക്കേകാവിൽ നിന്നും മടക്കയാത്ര**

7.30 ന് **കൊക്കരണിക്കാവിലെത്തി ദീപാരാധന**

7.45 ന് **നടയടക്കൽ**

8.00 ന് **അത്താഴമൂട്ട്** (വഴിപാടായി നടത്തുവാൻ താല്പര്യമുള്ളവർ **9447493395** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്

ഓം ദുർഗ്ഗാദേവ്യൈ നമഃ

## 2018 ലെ 11 – ാമത് പുനഃപ്രതിഷ്ഠാ ദിനാഘോഷങ്ങൾക്ക് ശേഷം 2019 ലെ 12 – ാമത് പുനഃപ്രതിഷ്ഠാ ദിനംവരെയുള്ള കാലയളവിൽ കൊക്കരണി ക്കാവിൽ ഭക്തജനങ്ങൾക്കായും ക്ഷേത്രാഭിവൃദ്ധിക്കായും നടപ്പിലാക്കിയ കാര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊക്കരണിക്കുളത്തിനോട് ചേർന്ന് ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറെ മൂലമുതൽ ക്ഷേത്രത്തിന്റെ മുൻ വശം മുഴുവനായി 12.5 സെന്റ് സ്ഥലം വാങ്ങി. ഇതോടെ ക്ഷേത്രത്തിന് ചുറ്റുമുള്ള സ്ഥലങ്ങൾ മുഴുവനും ക്ഷേത്രത്തിന്റേതായി.

2. ജനുവരി മാസം നടന്ന 32 -ാമത് മഹാനിവേദ്യ സമർപ്പണ ദിനം മുതൽ ഭക്തജന ങ്ങൾക്ക് ആഹാരത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മാസത്തിലൊരുദിവസം മഹാനി വേദ്യസമർപ്പണത്തോടനുബന്ധിച്ചു നടത്തുന്ന അന്നദാനം വഴിപാടായി നടത്തുവാൻ താല്പര്യ മുള്ള ഭക്തജനങ്ങൾ അതിലേക്കാവശ്യമായ സാധനങ്ങൾ (അരി - 5കിലോ, പയർ 2 കിലോ, പപ്പടം അരകിലോ, വെളിച്ചെണ്ണ അരകിലോ, അച്ചാർ ആവശ്യത്തിന്) വാങ്ങി ക്ഷേത്രത്തിൽ ഏൽപിക്കുകയാണെങ്കിൽ ഈ വഴിപാട് പ്രസ്തുത വ്യക്തിയുടെയോ കുടുംബത്തിന്റെയോ പേരിൽ നടത്തുവാൻ കഴിയും. സാധനങ്ങൾ വാങ്ങി ഏൽപിക്കാത്തവർ 1000 രൂപ ക്ഷേത്ര ത്തിൽ ഏൽപ്പിച്ചാൽ ക്ഷേത്രത്തിന്റെ ചുമതലയിൽ സാധനങ്ങൾ വാങ്ങി വഴിപാടു നടത്തുന്ന താണ്. (സാധനങ്ങൾ വാങ്ങുന്നതിനും ഭക്ഷണാനന്തരം പാത്രങ്ങൾ വൃത്തിയാക്കുന്നതിനും മറ്റു മുള്ള ചെലവുകൾ കണക്കാക്കുമ്പോൾ ഈ തുക അധികമാണെന്ന് കരുതുന്നില്ല). ആവശ്യമു ള്ളവർക്ക് ഇതൊരു വഴിപാടായി നടത്താമെന്നല്ലാതെ ഇതിനായി യാതൊരുവധത്തിലുള്ള നിർബ ന്ധമോ പണപിരിവോ ഉണ്ടായിരിക്കുന്നതല്ല.

3. ക്ഷേത്രത്തിനും ശാന്തിമഠത്തിനും ഇടയിലുള്ള ഭാഗം ജി.ഐ ഷീറ്റ് റൂഫിംഗ് ചെയ്ത് ഭക്തജനങ്ങൾക്ക് മഴയും വെയിലുമേൽക്കാതെ ഇരുന്ന് വിശ്രമിക്കുന്നതിനും ആഹാരം കഴി ക്കുന്നതിനുമുള്ള സൗകര്യം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ 50 കസേരയും 10 ഡെസ്കുകളും അന്നദാന ആവശ്യത്തിലേക്കായി വാങ്ങിയിട്ടുണ്ട്.

4. ക്ഷേത്രത്തിൽ 2008 ൽ നടത്തിയ ആദ്യ പുനരുദ്ധാരണം/ പുനഃപ്രതിഷ്ഠാ ഘട്ടം മുതൽ തന്നെ ക്ഷേത്രത്തിലേക്ക് വഴി സൗകര്യമില്ലാതെ ഭക്തജനങ്ങളും ക്ഷേത്ര ഭാരവാഹികളും ഒരുപോലെ ബുദ്ധിമുട്ടുകയായിരുന്നു. കഴിഞ്ഞ കുറെ വർഷങ്ങളിലെ ശ്രമങ്ങളുടെ ഫലമായി 33 -ാമത് മഹാനിവേദ്യ സമർപ്പണത്തിന് മുമ്പായി വാഹനങ്ങൾ വരത്തക്കവിധം 10 അടി വീതി യിൽ ക്ഷേത്രത്തിലേക്ക് ഒരു റോഡു നിർമ്മിക്കുകയുണ്ടായി. ക്ഷേത്രത്തിലേക്ക് മാത്രമായുള്ള ഒരു സ്വകാര്യ റോഡല്ല ഇത്. മറിച്ച് എല്ലാവർക്കുമായുള്ള പഞ്ചായത്ത് പൊതുവഴിയാണിത്. 2008 -ൽ കൊക്കരണിക്കാവിലെ ജീർണത മാറ്റി പുനഃപ്രതിഷ്ഠ നടത്തിയെങ്കിലും വാഹനങ്ങൾ വരത്തക്കവിധത്തിലുള്ള ഒരു റോഡ് സൗകര്യം ഇല്ലായ്കയാൽ പുതിയ ശ്രീകോവിലുകൾ ഉണ്ടാ ക്കുവാനോ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ കഴിയാത്ത സ്ഥിതിയായിരുന്നു. ക്ഷേത്രത്തിലേക്ക് ഒരു റോഡ് സൗകര്യം കിട്ടുന്നതിനായി ക്ഷേത്ര ഭരണസമിതിയോടൊപ്പം നിൽക്കുകയും ഇതിനായി പ്രവർത്തിക്കുകയും ചെയ്ത എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

## 02 മാർച്ച് 2019 – ദേവപ്രശ്നം

09 ഫെബ്രുവരി 2019 ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ദേവപ്രശ്നം, ജോത്സ്യന്റെ അമ്മാവന്റെ മരണം മൂലമുണ്ടായ ആശൂലത്താൽ 02 മാർച്ച് 2019 രാവിലെ 10.45 മണിക്ക് ആരംഭിച്ചു. ഈ ക്ഷേത്രത്തിന്റെ അഭിവൃദ്ധി കാംക്ഷിക്കുന്നവരും, ക്ഷേത്രത്തിലെ ഭക്തജനങ്ങളും, ഊരാഴ്മ കുടും ബക്കാരുമെല്ലാം ദേവപ്രശ്നത്തിൽ മുഴുവൻ സമയവും സന്നിഹിതരായിരുന്നു.പ്രശ്ന ചാർത്ത് കിട്ടുന്ന മുറക്ക് ഇതുസംബന്ധമായ കൂടുതൽ കാര്യങ്ങൾ ഭക്തജനങ്ങളെ അറിയിക്കുന്നതാണ്.